# പെരുന്നാളിന്റെ വിധിവിലക്കുകളും മര്യാദകളും

إِنَّ الْحَمْدَ لِلَّهِ نَحْمَدُهُ وَنَسْتَعِينُهُ مَنْ يَهْدِهِ اللَّهُ فَلاَ مُضِلَّ لَهُ وَمَنْ يُضْلِلْ فَلاَ هَادِيَ لَهُ وَأَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ ، أَمَّا بَعْدُ

## ആഘോഷങ്ങൾ

"عِيد" എന്നത് കൊണ്ട് ആഘോഷിക്കുന്നത്, ആവർത്തിച്ച് വരുന്നത് എന്നൊക്കെയാണ് ഭാഷാപരമായി അർത്ഥമാക്കുന്നത്. എല്ലാ സമൂഹങ്ങൾക്കും, മതവിഭാഗങ്ങൾക്കും ആഘോഷങ്ങളുണ്ട്. സന്തോഷിക്കാനും ആഘോഷിക്കാനും അവസരങ്ങൾ വേണമെന്നത് മനുഷ്യന്റെ പ്രകൃതിയുടെ തേട്ടമാണ്. അതിനുള്ള അവസരങ്ങളെ എല്ലാവരും ഇഷ്ടപ്പെടുന്നു.

അവിശ്വാസികളുടെ ആഘോഷങ്ങൾ വ്യക്തികളുമായോ, അല്ലെങ്കിൽ ബഹുദൈവ വിശ്വാസവുമായോ ബന്ധപ്പെട്ടതും, ഇസ്‌ലാം വിരോധിച്ച പല കാര്യങ്ങളും ഉൾക്കൊള്ളുന്നതോ ആണ്. എന്നാൽ മുസ്‌ലീംകളുടെ ആഘോഷങ്ങൾ ഇത്തരത്തിലുള്ളതല്ല. പ്രപഞ്ച സ്രഷ്ടാവിനെ വാഴ്ത്താനും പുകഴ്ത്താനും അവനോട് നന്ദി കാണിക്കാനുമുള്ളതാണ് ഇസ്‌ലാമിലെ ആഘോഷങ്ങൾ.

## അമുസ്‌ലീംകളുടെ ആഘോഷങ്ങളും മുസ്‌ലീംകളും

മുസ്‌ലീംകൾക്ക് മറ്റുള്ള മതവിഭാഗങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കാനോ, സഹകരിക്കാനോ പറ്റില്ല. കാരണം റസൂൽ ﷺ പറഞ്ഞിട്ടുണ്ട്:

قَالَ رَسُولُ اللَّهِ صلى الله عليه وسلم " يَا أَبَا بَكْرٍ إِنَّ لِكُلِّ قَوْمٍ عِيدًا وَهَذَا عِيدُنَا" - أخرجه البخاري ومسلم

(ഏ അബൂബക്റേ.. നിശ്ചയം എല്ലാ സമൂഹത്തിനും ആഘോഷമുണ്ട്, ഇത് നമ്മുടെ ആഘോഷമാണ്). മുസ്‌ലീംകൾക്ക് ആഘോഷിക്കാനുള്ള ആഘോഷങ്ങളെ റസൂൽ ﷺ തന്നെ പ്രത്യേകമാക്കി പറഞ്ഞത് കൊണ്ടും, മറ്റുള്ളവരുടെ ആഘോഷങ്ങളിൽ അനിസ്‌ലാമിക കാര്യങ്ങൾ ഉള്ളത് കൊണ്ടുമാണ് ഇസ്‌ലാമികേതര ആഘോഷങ്ങളിൽ പങ്കെടുക്കാൻ പറ്റില്ല എന്ന് പറയുന്നത്. ആഘോഷങ്ങളിൽ മറ്റുള്ള മത വിഭാഗക്കാരെ സാദൃശ്യപ്പെടുത്താനും, അവരുടെ ആഘോഷങ്ങളിലെ നിലവിളക്ക് കത്തിക്കൽ, പൂക്കളമൊരുക്കൽ, നക്ഷത്രങ്ങൾ തൂക്കൽ പോലുള്ള കാര്യങ്ങൾ മുസ്‌ലീംകൾ ചെയ്യാനും പാടില്ല.

## ഈദുൽ ഫിത്ര്‍റും ഈദുൽ അദ്ഹായും

ഇസ്‌ലാമിലെ രണ്ടേരണ്ട് ആഘോഷങ്ങളാണ് ഈദുൽ ഫിത്‌റും, ഈദുൽ അദ്ഹായും. അവ രണ്ടിലും മുസ്‌ലിംകൾ സന്തോഷിക്കുകയും ആഘോഷിക്കുകയും വേണം.

### ഈദുൽ ഫിത്ര്‍:

റമദാനിലെ വ്രതാനുഷ്ഠാനത്തിന് ശേഷം ശവ്വാൽ ഒന്നിന് ആഘോഷിക്കപ്പെടുന്നതാണിത്.

### ഈദുൽ അദ്ഹാ:

ദുൽഹിജ്ജ പത്തിനാണ് ഇത് ആഘോഷിക്കപ്പെടുന്നത്. ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ പത്ത് ദിനങ്ങളിലെ സൽകർമങ്ങൾ അല്ലാഹുവിലേക്ക് മറ്റു ദിവസങ്ങളിൽ ചെയ്യുന്ന കർമങ്ങളേക്കാൾ കൂടുതൽ ഇഷ്ടമാണെന്ന് റസൂൽ ﷺ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള ദിവസങ്ങളിലെ അവസാനത്തെ ദിവസത്തിലാണ് ഇത് ആഘോഷിക്കുന്നത്.

ഈ രണ്ട് ആഘോഷങ്ങളും നന്നായി ആഘോഷിക്കുകയും, അല്ലാഹുവിന്റെ സകല വിധിവിലക്കുകൾക്കും കീഴൊതുങ്ങി ജീവിക്കുകയും ചെയ്യുക എന്നത് ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം നിർബന്ധമാണ്.

# പെരുന്നാൾ നമസ്കാരത്തിന്റെ വിധിവിലക്കുകൾ

## പെരുന്നാൾ നമസ്കാരത്തിന്റെ വിധി

പെരുന്നാൾ നമസ്കാരം വാജിബ് (നിർബന്ധം) ആണെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായങ്ങളിൽ കൂടുതൽ ശക്തിയുള്ളത്. അതാണ് ശൈഖുൽ ഇസ്‌ലാം ﵀ അറിയിക്കുന്നത്: '... അതിനാൽ ആണ് (അഥവാ തെളിവുകളുടെ പിൻബലം കൊണ്ട്) പെരുന്നാൾ നമസ്കാരം വ്യക്തികൾക്ക് നിർബന്ധമാണെന്ന (അഭിപ്രായം) നാം ബലപ്പെടുത്തിയത്'. (മജ്മൂഉൽ ഫതാവാ: 23/161) ഇതേ അഭിപ്രായം തന്നെയാണ് ഇബ്നുൽ ഖൈയ്യിം ﵀, ശൗകാനി ﵀, ഇബ്നു സിഅ്ദി ﵀, ഇബ്നു ഉസൈമീൻ ﵀ എന്നിവർക്കുമുള്ളത്.

## പെരുന്നാൾ നമസ്കാരത്തിന് മുമ്പും ശേഷവും പ്രത്യേകം സുന്നത്ത് നമസ്കാരങ്ങളില്ല

പെരുന്നാൾ നമസ്കാരത്തിന് മുമ്പോ ശേഷമോ സുന്നത്ത് നമസ്കാരങ്ങൾ ഇല്ല. എന്നാൽ പെരുന്നാൾ നമസ്കാരം നിർവഹിക്കപ്പെടുന്നത് പള്ളിയിൽ വെച്ചാണെങ്കിൽ, പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള തഹിയ്യത്ത് നമസ്കരിക്കാം. പെരുന്നാൾ നമസ്കാര ശേഷം വീട്ടിലേക്ക് മടങ്ങിയാൽ വീട്ടിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കുന്നത് സുന്നത്താണ്. അബൂസഈദിൽ ഖുദ്‌രി ﵁ ഉദ്ധരിക്കുന്നു:

عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ كَانَ رَسُولُ اللَّهِ صلى الله عليه وسلم لاَ يُصَلِّي قَبْلَ الْعِيدِ شَيْئًا فَإِذَا رَجَعَ إِلَى مَنْزِلِهِ صَلَّى رَكْعَتَيْنِ- (رواه ابن ماجه ، ١٣٠٢)، قال الألباني : حسن

'റസൂൽ ﷺ പെരുന്നാൾ നമസ്കാരത്തിന് മുമ്പ് (സുന്നത്തായി) ഒന്നും നമസ്കരിക്കാറുണ്ടായിരുന്നില്ല. റസൂൽ ﷺ തന്റെ വീട്ടിലേക്ക് മടങ്ങിയാൽ രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു'– (ഇബ്നുമാജ, ഹാകിം). ഈ ഹദീസ് ഹസൻ (حسن) ആണെന്ന് ശൈഖ് അൽബാനി ﵀ പറഞ്ഞിട്ടുണ്ട്.

എന്നാൽ മഴ കാരണമോ മറ്റോ പള്ളിയിൽ വെച്ചാണ് പെരുന്നാൾ നമസ്കാരം നിർവ്വഹിക്കപ്പെടുന്നതെങ്കിൽ പള്ളിയിൽ പ്രവേശിക്കുമ്പോൾ തഹിയ്യത്ത് നമസ്കരിക്കണം.

## പെരുന്നാൾ നമസ്കാരം നിർവഹിക്കപ്പെടേണ്ടത് എവിടെ?

പെരുന്നാൾ നമസ്കാരം മുസ്വല്ലയിൽ (ഈദ്ഗാഹ്, മൈതാനം) വെച്ചാണ് നിർവഹിക്കപ്പെടേണ്ടത്. നബി ﷺ യും നബി ﷺ ക്ക് ശേഷം ഖലീഫമാരും ഇങ്ങനെയാണ് ചെയ്തത് എന്നും, (മസ്ജിദുന്നബവി) അടുത്ത് തന്നെയായിട്ടും ഏറ്റവും ശ്രേഷ്ഠമായത് റസൂൽ ﷺ ഉപേക്ഷിക്കുകയില്ല എന്നും, (ശ്രേഷ്ഠതയിൽ) ന്യൂനതയുള്ളത് അതിന്റെ വിദൂരതയോടെ തന്റെ ഉമ്മത്തിന് റസൂൽ ﷺ നിർബന്ധമാക്കുകയില്ലെന്നും, ശ്രേഷ്ഠമായവയെ ഉപേക്ഷിക്കൽ റസൂൽ ﷺ നിയമമാക്കുകയില്ലെന്നും ഇബ്നു ഖുദാമ ﵀ 'അൽമുഗ്നി' എന്ന ഗ്രന്ഥത്തിൽ (المغني ٢٢٩/٢) പറഞ്ഞിട്ടുണ്ട്.

## പെരുന്നാൾ നമസ്കാരത്തിന്റെ സമയം

സൂര്യൻ ഉദിച്ച് ഒരു കുന്തത്തിന്റെ അളവിൽ ഉയർന്നത് മുതൽ (ദുഹാ നമസ്കാരത്തിന്റെ സമയം), സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റുന്നത് വരെ (ദുഹ്റിന്റെ സമയം തുടങ്ങുന്നത് വരെ) ആണ് പെരുന്നാൾ നമസ്കാരത്തിന്റെ സമയം. ഇബ്നു ബത്വാൽ ﵀ പറയുന്നു: സൂര്യൻ ഉദിക്കുന്നതിന് മുമ്പോ ഉദിക്കുമ്പോഴോ പെരുന്നാൾ നമസ്കാരം നിർവഹിക്കപ്പെടുകയില്ല എന്ന് കർമ ശാസ്ത്ര പണ്ഡിതൻമാരുടെ ഇജ്മാഅ് ആണ്. സുന്നത്ത്

നമസ്കാരം അനുവദനീയമാകുന്ന സമയത്താണ് അത് അനുവദനീയമാകുക- (ഫത്ഹുൽ ബാരി: 2/457)

നമസ്കാരത്തിന് മുമ്പ് ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടത് കൊണ്ടാണ് ഈദുൽ ഫ്ത്വ്ർ നമസ്കാരം പിന്തിപ്പിക്കുകയും, നമസ്കാരത്തിന് ശേഷം ബലിയറുക്കാനുള്ളത് കൊണ്ടാണ് ഈദുൽ അദ്ഹായുടെ നമസ്കാരം മുന്തിപ്പിക്കുകയും ചെയ്യുന്നത് എന്ന് ഇബ്നുഖുദാമ ﵀ പറയുന്നുണ്ട് - (അൽമുഗ്നി 2/232)

## പെരുന്നാൾ നമസ്കാരം ഖുത്വ്ബക്ക് മുമ്പ്

പെരുന്നാൾഖുത്വ്ബയുടെ മുമ്പാണ് പെരുന്നാൾ നമസ്കാരം നിർവഹിക്കേണ്ടത്. കാരണം നബി ﷺ യും നാല് ഖലീഫമാരും ഇങ്ങനെയാണ് ചെയ്തത്. ഇബ്നു അബ്ബാസ് ﵄ പറയുന്നു: റസൂൽ ﷺ യുടേയും, അബൂബക്ർ ﵁, ഉമർ ﵁, ഉഥ്മാൻ ﵁ എന്നിവരുടേയും കൂടെ ഞാൻ (പെരുന്നാളിന്) സാക്ഷിയായിട്ടുണ്ട്. അവരൊക്കെയും ഖുത്വ്ബക്ക് മുമ്പായിരുന്നു നമസ്കരിച്ചിരുന്നത്- ബുഖാരി: 1/36/962). ഇബ്നുൽ മുൻദിർ ﵀ അൽ ഔസത്വ് എന്ന ഗ്രന്ഥത്തിലും (4/271) ഇത് പറയുന്നുണ്ട്.

## പെരുന്നാൾ നമസ്കാരത്തിന് ബാങ്കും ഇഖാമത്തും ഇല്ല

പെരുന്നാൾ നമസ്കാരത്തെ അറിയിക്കാൻ ബാങ്കോ ഇഖാമത്തോ ഇല്ല. ജാബിറുബ്നു സമുറ ﵁ ഉദ്ധരിക്കുന്ന ഹദീസ് കാണുക:

عَنْ جَابِرِ بْنِ سَمُرَةَ قَالَ "صَلَّيْتُ مَعَ رَسُولِ اللَّهِ صلى الله عليه وسلم الْعِيدَيْنِ غَيْرَ مَرَّةٍ وَلاَ مَرَّتَيْنِ بِغَيْرِ أَذَانٍ وَلاَ إِقَامَةٍ" - رواه مسلم

അദ്ദേഹം പറഞ്ഞു: ഞാൻ ഒന്നും രണ്ടും പ്രാവശ്യത്തിലധികം റസൂൽ ﷺ യോടൊപ്പം രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ ബാങ്കോ ഇക്വാമത്തോ കൂടാതെ നമസ്കരിച്ചു.- (മുസ്ലിം, 2088)

എന്നാൽ നമസ്കാരം തുടങ്ങുമ്പോൾ നമസ്കാരം തുടങ്ങുകയാണെന്ന് അറിയിക്കാൻ الصلاة جامعة എന്ന് പറയാവുന്നതാണ്.

## പെരുന്നാൾ നമസ്കാരത്തിലെ തക്ബീറുകൾ

പെരുന്നാൾ നമസ്കാരത്തിൽ തക്ബീറത്തുൽ ഇഹ്റാമിന് പുറമെ അധികമായി തക്ബീറുകൾ ചൊല്ലണം. ഒന്നാമത്തെ റക്അത്തിൽ തക്ബീറത്തുൽ ഇഹ്റാമിന് പുറമെ ഏഴ് തക്ബീറുകളും *(തക്ബീറുകളുടെ എണ്ണത്തിലെ അഭിപ്രായ വ്യത്യാസങ്ങൾ പേജ് അഞ്ചിൽ പെരുന്നാൾ നമസ്കാരത്തിന്റെ രൂപത്തിൽ നോക്കുക)*, രണ്ടാമത്തെ റക്അത്തിൽ സുജൂദിൽ നിന്ന് ഉയരുമ്പോഴുള്ള തക്ബീറിന് പുറമെ അഞ്ച് തക്ബീറുകളും ചൊല്ലണം. ഇമാമിനെ തുടർന്ന് മഅ്മൂമുകളും തക്ബീർ ചൊല്ലണം.

ഓരോ തക്ബീർ ചൊല്ലുമ്പോഴും കൈ ഉയർത്തണം. വാഇലുബ്നു ഹുജ്ർ ﵁ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ തക്ബീറുകളുടെ കൂടെ റസൂൽ ﷺ കൈ ഉയർത്താറുണ്ടായിരുന്നു എന്ന് കാണാം. ഈ ഹദീസ് ഇമാം അഹ്മദ് ﵀ തന്റെ മുസ്നദിൽ ഉദ്ധരിച്ചതും (ഹദീസ് നമ്പർ: 18848) ശൈഖ് അൽബാനി ﵀ സ്വഹീഹ് എന്ന് പറഞ്ഞതുമാണ്. (ഇത് പെരുന്നാൾ നമസ്കാരത്തിലേയും മറ്റു നമസ്കാരങ്ങളിലേയും തക്ബീറുകൾക്ക് പൊതുവായതാണ് എന്ന് പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്). തക്ബീറുകൾക്കിടയിൽ ഒന്നും ചൊല്ലാൻ റസൂൽ ﷺ യിൽ നിന്ന് യാതൊന്നും വന്നിട്ടില്ല. കൂടുതലായി ചൊല്ലുന്ന തക്ബീറുകൾ സുന്നത്താണ്, വാജിബ് അല്ല. ഇത് നഷ്ടപ്പെട്ടാൽ നമസ്കാരം നഷ്ടപ്പെടുകയില്ല. എങ്കിലും മനഃപ്പൂർവം ഇത് ഉപേക്ഷിക്കരുത്. മഅ്മൂം നമസ്കാരം തുടങ്ങിയതിന് ശേഷം വരികയും ഈ തക്ബീറുകൾ നഷ്ടപ്പെടുകയും ചെയ്താൽ അവൻ ഇമാമിന്റെ കൂടെ തുടരണം, നഷ്ടപ്പെട്ട തക്ബീറുകൾ അവൻ ചൊല്ലേണ്ടതില്ല.

## പെരുന്നാൾ നമസ്കാരത്തിൽ പാരായണം ചെയ്യേണ്ടത്

പെരുന്നാൾ നമസ്കാരത്തിൽ ഒന്നാം റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തു ഖാഫോ ﴿قٓ﴾ രണ്ടാമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ ഖമറോ ﴿ٱلۡقَمَرُ﴾

പാരായണം ചെയ്യണം. അല്ലെങ്കിൽ ഒന്നാം റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ അഅ്ലയോ ﴿الأعلى﴾, രണ്ടാമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ ഗ്വാശിയ യോ ﴿الغاشية﴾ ഓതുന്നത് സുന്നത്താണ്.

## പെരുന്നാൾ നമസ്കാരം ഖദ്വാഅ് ആയാൽ

പെരുന്നാൾ ദിവസം സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയതിന് ശേഷം ആണ് പെരുന്നാൾ ദിനത്തെ കുറിച്ച് അറിഞ്ഞതെങ്കിൽ അടുത്ത ദിവസമാണ് പെരുന്നാൾ നമസ്കാരം നിർവഹിക്കേണ്ടത്. ഇമാം അബൂദാവൂദ് ﵀, ഇമാം നസാഇ ﵀, ഇമാം ഇബ്നുമാജ ﵀ എന്നിവർ ഉദ്ധരിക്കുന്ന ഹദീസിൽ ഈ വിഷയത്തിൽ റസൂൽ ﷺ യുടെ കൽപന കാണാവുന്നതാണ്.

ഒരാൾ പെരുന്നാൾ നമസ്കാരത്തിന് എത്തിയത് ഇമാം അവസാന ഇരുത്തത്തിൽ ആകുമ്പോഴാണെങ്കിൽ, അവൻ ഇമാമിന്റെ കൂടെ നമസ്കാരത്തിൽ തുടരുകയും ഇമാം സലാം ചൊല്ലിയാൽ അവൻ നിന്ന് രണ്ട് റക്അത്ത് നിർവഹിക്കുകയും അവയിൽ തക്ബീറുകൾ ചൊല്ലുകയും ചെയ്യണം. പെരുന്നാൾ നമസ്കാരം നഷ്ടപ്പെട്ട ആൾ അത് പിന്നീട് നിർവഹിക്കേണ്ടതില്ല.

## പെരുന്നാൾ നമസ്കാരം യാത്രയിൽ

പെരുന്നാൾ നമസ്കാരം നടക്കുന്ന സ്ഥലത്ത് എത്തിയ ഒരു യാത്രക്കാരന് അവരുടെ കൂടെ നമസ്കരിക്കാവുന്നതാണ്.

ഇനി യാത്രയിലാവുകയും ഇങ്ങനെ നമസ്കാരം നടക്കുന്ന സ്ഥലങ്ങൾ കാണാതിരിക്കുകയും ചെയ്താൽ അവന് അത് ഒഴിവാക്കാവുന്നതുമാണ്.

## പെരുന്നാൾ ജുമുഅ ദിവസത്തിലായാൽ

പെരുന്നാൾ ജുമുഅ ദിവസം ആയാൽ പെരുന്നാൾ നമസ്കരിച്ചവന് ജുമുഅ നമസ്കാരത്തിന് ഇളവുണ്ട്. ഒരു ഹദീസ് കാണുക:

عَنْ إِيَاسِ بْنِ أَبِي رَمْلَةَ الشَّامِيِّ قَالَ شَهِدْتُ مُعَاوِيَةَ بْنَ أَبِي سُفْيَانَ وَهُوَ يَسْأَلُ زَيْدَ بْنَ أَرْقَمَ قَالَ أَشَهِدْتَ مَعَ رَسُولِ اللَّهِ صلى الله عليه وسلم عِيدَيْنِ اجْتَمَعَا فِي يَوْمٍ قَالَ نَعَمْ قَالَ فَكَيْفَ صَنَعَ قَالَ صَلَّى الْعِيدَ ثُمَّ رَخَّصَ فِي الْجُمُعَةِ فَقَالَ مَنْ شَاءَ أَنْ يُصَلِّيَ فَلْيُصَلِّ- رواه أبو داود وابن ماجه، قال الألباني صحيح

ഇയാസുബ്നു അബീ റംല പറഞ്ഞു: മുആവിയത്തു ബ്നു അബീസുഫ്യാൻ ﵁ സൈദ് ബ്നു അർകം ﵁ വിനോട് ചോദിക്കുന്നതായി ഞാൻ കേട്ടു; അദ്ദേഹം ചോദിച്ചു: ഒരു ദിവസത്തിൽ രണ്ട് പെരുന്നാളുകൾ (ഈദും, ജുമുഅയും) ഒരുമിച്ച് കൊണ്ട് റസൂൽ ﷺ യോടൊപ്പം താങ്കൾ സാക്ഷിയായിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ. മുആവിയ ﵁ ചോദിച്ചു: അപ്പോൾ റസൂൽ ﷺ എങ്ങനെ ചെയ്തു? അദ്ദേഹം പറഞ്ഞു: റസൂൽ ﷺ പെരുന്നാൾ നമസ്കരിച്ചു, പിന്നെ ജുമുഅയിൽ ഇളവ് നൽകി. അങ്ങനെ റസൂൽ ﷺ പറഞ്ഞു: ആരെങ്കിലും ഉദ്ധേശിക്കുന്നു എങ്കിൽ (അത്) അവൻ നമസ്കരിക്കട്ടെ. – അബൂദാവൂദ്, ഇബ്നുമാജ.

എന്നാൽ റസൂൽ ﷺ ഈദ് ദിവസം ജുമുഅയും നമസ്കരിച്ചിട്ടുണ്ട്. ഇബ്നു അബ്ബാസ് ﵁, അബൂ ഹുറൈറ ﵁ എന്നിവർ ഉദ്ധരിക്കുന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞിട്ടുണ്ട്:

عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ صلى الله عليه وسلم أَنَّهُ قَالَ قَدِ اجْتَمَعَ فِي يَوْمِكُمْ هَذَا عِيدَانِ فَمَنْ شَاءَ أَجْزَأَهُ مِنَ الْجُمُعَةِ وَإِنَّا مُجَمِّعُونَ- رواه أبو داود وابن ماجه ، قال الألباني: صحيح

അബൂ ഹുറൈറ ﵁ നിവേദനം. റസൂൽ ﷺ പറഞ്ഞു: നിങ്ങളുടെ ഈ ദിവസം രണ്ട് ആഘോഷങ്ങൾ സംഗമിച്ചിരിക്കുന്നു: ആരെങ്കിലും ഉദ്ധേശിക്കുന്നുവെങ്കിൽ അവന് പെരുന്നാൾ നമസ്കാരം ജുമുഅ നമസ്കാരത്തെ തൊട്ട് മതിയായതാണ്, നാം ജുമുഅ നമസ്കരിക്കുന്നവരാണ്– (അബൂദാവൂദ്, ഇബ്നുമാജ). അഥവാ അവന് ജുമുഅ നമസ്കാരത്തിൽ ഇളവുണ്ടെങ്കിലും ഉത്തമം ജുമുഅ നമസ്കരിക്കലാണ്. അതാണ് റസൂൽ ﷺ യുടെ സുന്നത്ത്.

വളരെ അത്യാവശ്യ തിരക്കുള്ളവർക്ക് ഇളവ് എടുക്കുകയും ചെയ്യാം. ജുമുഅക്ക് പങ്കെടുക്കാത്തവന് ദുഹ്ർ നമസ്കരിക്കൽ അനിവാര്യമാണ്.

### പെരുന്നാൾ നമസ്കാരത്തിന്റെ രൂപം

പെരുന്നാൾ നമസ്കാരം രണ്ട് റക്അത്ത് ആണ്. ഓരോ റക്അത്തിലും മുകളിൽ സൂചിപ്പിച്ച പോലെ കൂടുതലായി തക്ബീർ ചൊല്ലണം. ഒന്നാമത്തെ റക്അത്തിൽ തക്ബീറത്തുൽ ഇഹ്റാമിന് പുറമെ ഏഴ് തക്ബീറുകളും, രണ്ടാമത്തെ റക്അത്തിൽ സുജൂദിൽ നിന്ന് ഉയരുമ്പോഴുള്ള തക്ബീറിന് പുറമെ അഞ്ച് തക്ബീറുകളും ചൊല്ലണം.

عن عَمْرِو بْنِ عَوْفٍ أَنَّ رَسُولَ اللَّهِ صلى الله عليه وسلم كَبَّرَ فِي الْعِيدَيْنِ سَبْعًا فِي الأُولَى وَخَمْسًا فِي الآخِرَةِ- رواه ابن ماجه، قال الألباني: صحيح

അംറുബ്നു ഔഫ് ﷺ നിവേദനം. 'നിശ്ചയം റസൂൽ ﷺ രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും ഒന്നാം റക്അത്തിൽ ഏഴും രണ്ടാം റക്അത്തിൽ അഞ്ചും തക്ബീറുകൾ ചൊല്ലി'.

എന്നാൽ തക്ബീറുകളുടെ ഈ എണ്ണത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. അത് കൊണ്ട് തന്നെ ശൈഖുൽ ഇസ്ലാം ﷺ പറഞ്ഞിട്ടുണ്ട്:

"أَمَّا التَّكْبِيرُ فِي الصَّلَاةِ فَيُكَبِّرُ الْمَأْمُومُ تَبَعًا لِلْإِمَامِ وَأَكْثَرُ الصَّحَابَةِ رَضِيَ اللَّهُ عَنْهُمْ وَالْأَئِمَّةِ يُكَبِّرُونَ سَبْعًا فِي الْأُولَى وَخَمْسًا فِي الثَّانِيَةِ" - (مجموع الفتاوى ٢٢٠/٢٤)

' നമസ്കാരത്തിൽ തക്ബീർ ചൊല്ലുന്നതിൽ മഅ്മൂം ഇമാമിനെ തുടർന്ന് കൊണ്ട് തകബീർ ചൊല്ലണം. അധികം സ്വഹാബികളും ഇമാമുമാരും ഒന്നാമത്തെ റക്അത്തിൽ ഏഴും രണ്ടാമത്തേതിൽ അഞ്ചും തക്ബീറുകൾ ചൊല്ലുന്നവരായിരുന്നു'. ഇമാം എത്രയാണോ ചൊല്ലുന്നത് അതിനോട് മഅ്മൂം പിന്തുടരണം.

പെരുന്നാൾ നമസ്കാരത്തിന്റെ രണ്ട് റക്അത്തുകളിലും ഫാതിഹക്ക് ശേഷം ചോല്ലേണ്ടവ മുകളിൽ സൂചിപ്പിച്ചു.

## പെരുന്നാൾ ഖുത്വ്ബയുടെ വിധിവിലക്കുകൾ

### പെരുന്നാൾ ഖുത്വ്ബയിൽ പങ്കെടുക്കേണ്ടതിന്റെ വിധി

പെരുന്നാൾ ഖുത്ബയിൽ പങ്കെടുക്കുന്നത് വാജിബ് അല്ല. സുന്നത്ത് ആണ്. സുന്നത്തുകൾ എടുക്കലാണ് ഉത്തമം. അബ്ദുല്ലാഹി ബ്നുസ്സാഇബ് ﷺ ഉദ്ധരിക്കുന്ന ഹദീസ് കാണുക:

عَنْ عَبْدِ اللَّهِ بْنِ السَّائِبِ قَالَ شَهِدْتُ مَعَ رَسُولِ اللَّهِ صلى الله عليه وسلم الْعِيدَ فَلَمَّا قَضَى الصَّلاَةَ قَالَ إِنَّا نَخْطُبُ فَمَنْ أَحَبَّ أَنْ يَجْلِسَ لِلْخُطْبَةِ فَلْيَجْلِسْ وَمَنْ أَحَبَّ أَنْ يَذْهَبَ فَلْيَذْهَبْ- رواه أبو داود وابن ماجه ، وقال الألباني: صحيح

അദ്ദേഹം പറഞ്ഞു: 'ഞാൻ റസൂൽ ﷺ യുടെ കൂടെ പെരുന്നാളിൽ പങ്കെടുത്തു. നമസ്കാരം കഴിഞ്ഞപ്പോൾ റസൂൽ ﷺ പറഞ്ഞു: നിശ്ചയം നാം ഖുത്ബ നടത്തുന്നു, അപ്പോൾ ആരെങ്കിലും ഖുത്വുബക്ക് ഇരിക്കാൻ ഇഷ്ടപ്പെടുന്നു എങ്കിൽ അവൻ ഇരിക്കട്ടെ, പോകാൻ ഇഷ്ടപ്പെടുന്നവർ പൊയ്ക്കൊള്ളട്ടെ'– (അബൂദാവൂദ്, ഇബ്നുമാജ).

ഇവിടേയും കൂടുതൽ ഉത്തമം ഖുത്ബയിൽ കൂടി പങ്കെടുക്കൽ തന്നെയാണ്. ധൃതിയുള്ളവർക്ക് ഇളവെടുക്കാം.

### പെരുന്നാൾ ഖുത്വ്ബയുടെ എണ്ണം

പെരുന്നാളിലെ ഖുത്ബ ഒറ്റ ഖുത്ബയാണ്. ജാബിർ ﷺ ഉദ്ധരിക്കുന്ന ഹദീസിൽ കാണാം: നിശ്ചയം നബി ﷺ നിന്ന് നമസ്കാരം തുടങ്ങി. ശേഷം ജനങ്ങളോട് ഖുത്ബ നടത്തി....– (ബുഖാരി, ഹദീസ് നമ്പർ: 986). ഇതിൽ ജനങ്ങളോട് ഒരു ഖുത്ബ നടത്തി എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. രണ്ട് ഖുത്ബ നടത്തി എന്ന് അറിയിക്കുന്ന ഹദീസ് ബലഹീനമാണ്. ശൈഖ് ഇബ്നു ഉഥൈമീൻ ﷺ പറയുന്നു:

"ومن نظر في السنّة المتفق عليها في الصحيحين وغيرهما تبين له أن النبي صلّى الله عليه وسلّم لم يخطب إلا خطبة واحدة"- (الشرح الممتع ١٤٦/٥)

'സ്വഹീഹുൽ ബുഖാരിയിലും അവയല്ലാത്തവയിലും യോജിച്ച അഭിപ്രായമുള്ള സുന്നത്തിൽ ആരെങ്കിലും നോക്കിയാൽ നബി ﷺ ഒരൊറ്റ ഖുത്ബയല്ലാതെ നടത്തിയിട്ടില്ലെന്ന് അവന് വ്യക്തമാകും'.

## പെരുന്നാൾ ഖുത്വ്ബയിൽ സ്ത്രീകളെ ഉപദേശിക്കൽ.

റസൂൽ ﷺ പെരുന്നാൾ ഖുത്ബക്ക് ശേഷം മിമ്പറിൽ നിന്ന് ഇറങ്ങി സ്ത്രീകളുടെ അടുക്കൽ പോയി അവരെ ദാന ധർമങ്ങൾ കൊണ്ടും മറ്റും ഉപദേശിക്കുകയും, ഉദ്ബോധനം നൽകുകയും ചെയ്തിരുന്നു.

## പെരുന്നാൾ ഖുത്വ്ബയിൽ തക്ബീർ ചൊല്ലൽ

പെരുന്നാൾ ഖുത്ബ തക്ബീർ കൊണ്ട് തുടങ്ങാനോ, ഖുത്ബക്കിടയിൽ തക്ബീർ ചൊല്ലാനോ സ്വഹീഹായ ഹദീസ് തെളിവായി ഇല്ല. പെരുന്നാൾ ഖുത്ബയിൽ നബി ﷺ തക്ബീർ വർധിപ്പിക്കുമായിരുന്നു എന്ന ഹദീസ് ദുർബലമാണ്. ഇമാം ഇബ്നു മാജ رحمه الله യാണ് ഈ ഹദീസ് (ഹദീസ് നമ്പർ: 1277) റിപ്പോർട്ട് ചെയ്തത്. എന്നാൽ ഖുത്ബയിൽ തക്ബീർ അധികരിപ്പിക്കുന്നത് കൊണ്ട് കുഴപ്പമൊന്നുമില്ല.

## പെരുന്നാൾ ഖുത്വ്ബയിൽ പറയേണ്ടത്.

പെരുന്നാൾ ഖുത്ബയിൽ റസൂൽ ﷺ ജനങ്ങളെ ഉപദേശിക്കുകയും നൻമകൾ കൊണ്ട് കൽപിക്കുകയും ചെയ്തിരുന്നു. ഫിത്വ്ർ പെരുന്നാളിന്റെ ഖുത്ബയാണെങ്കിൽ അനുയോജ്യ മായ വിധത്തിലുള്ള ഉപദേശങ്ങൾ നൽകുകയും, ബലിപെരുന്നാൾ ആണെങ്കിൽ ബലിയെ ക്കുറിച്ചും, അതിന്റെ വിധിവിലക്കുകളെ സംബന്ധിച്ചും, മറ്റു കാര്യങ്ങളും പറയാം. ഇന്ന കാര്യ ങ്ങൾ മാത്രം പറയണമെന്ന നിബന്ധനയില്ല.

# പെരുന്നാളിന്റെ സുന്നത്തുകളും അനുവദനീയ കാര്യങ്ങളും

## തക്ബീർ ചൊല്ലൽ

രണ്ട് പെരുന്നാളിനോടുമനുബന്ധിച്ച് തക്ബീർ ധാരാളമായി ചൊല്ലൽ സുന്നത്താണ്. സ്ത്രീകളും കുട്ടികളുമടക്കം എല്ലാവർക്കും ഇത് സുന്നത്താണ്. സ്ത്രീകൾ പതുക്കെയാണ് ഇത് ചൊല്ലേണ്ടത്. ഫിത്വ്ർ പെരുന്നാളിൽ ശവ്വാൽ മാസപ്പിറവി കണ്ടത് മുതൽ ഇമാം പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടുന്നത് വരേയും, ബലി പെരുന്നാളിൽ ദുൽഹിജ്ജ ഒമ്പതിന്റെ (അറഫാ ദിനം) ഫജ്റിനു ശേഷം അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസം (ദുൽഹിജ്ജ: 13) ന്റെ അസ്വ്ർ നമസ്കാര ശേഷം വരെ ഇത് ചൊല്ലൽ സുന്നത്താണ്. ഈ ദിവസങ്ങളിൽ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം തക്ബീർ ചൊല്ലുന്നതും സുന്നത്താണ്. ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ അത് ഏറ്റ് ചൊല്ലുന്നതിന് അടിസ്ഥാനമില്ല. അങ്ങനെ ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

## തക്ബീറിന്റെ രൂപം

വിവിധ രൂപത്തിൽ തക്ബീറിന്റെ പദങ്ങൾ വന്നിട്ടുണ്ട്:

1– മുസ്വന്നഫ് ഇബ്നു അബീ ശൈബയിൽ കാണാം:

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ لاَ إِلَهَ إِلاَّ اللَّهُ ، وَاللَّهُ أَكْبَرُ اللَّهُ أَكْبَرُ وَلِلَّهِ الْحَمْدُ

2– മുസ്വന്നഫ് ഇബ്നു അബീ ശൈബ തന്നെ റിപ്പോർട്ട് ചെയ്യുന്നു:

الله أكبر الله أكبر لا إله إلا الله والله أكبر الله اكبر ولله الحمد

3– മഹാമിലി തന്റെ സ്വലാത്തുൽ ഈദൈൻ എന്ന ഗ്രന്ഥത്തിൽ റിപ്പോർട്ട് ചെയ്യുന്നു:

الله أكبر كبيرا الله أكبر كبيرا الله أكبر وأجلّ الله أكبر ولله الحمد

ഈ മൂന്ന് രൂപങ്ങളും സ്വഹീഹ് ആണ്.

## കുളിക്കലും നല്ല വസ്ത്രം ധരിക്കലും

പെരുന്നാളിന് കുളിക്കലും, സുഗന്ധം പൂശലും, ഭംഗിയുള്ളവനാകലും, നല്ല വസ്ത്ര ങ്ങൾ ധരിക്കലുമെല്ലാം ഉത്തമമായ കാര്യങ്ങളാണ്. ഇബ്നു ഉമർ رضي الله عنه പെരുന്നാളിന് ഏറ്റവും

നല്ല വസ്ത്രം ധരിക്കാറുണ്ടായിരുന്നു. ഇമാം മാലിക് ﵀ പറഞ്ഞു: 'ഞാൻ അറിവുള്ളവരിൽ നിന്നും കേട്ടു: എല്ലാ പെരുന്നാൾക്കും അലങ്കാരവും, സുഗന്ധവും അവർ സുന്നത്താക്കി യിരുന്നു'. (അൽമുഗ്നി: 2/228). എന്നാൽ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ സുഗന്ധമോ അലങ്കാര വസ്ത്രങ്ങളോ ഉപയോഗിക്കരുത്.

## പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടുന്നതിന് മുമ്പ് ഭക്ഷിക്കൽ

ഫിത്വ്ർ പെരുന്നാൾ: ഫിത്വ്ർ പെരുന്നാളിന് നമസ്കാരത്തിന് പുറപ്പെടുന്നതിന് മുമ്പ് റസൂൽ ﷺ കുറച്ച് ഈത്തപ്പഴം തിന്നാറുണ്ടായിരുന്നു. അത് ഒറ്റയാക്കിയായിരുന്നു റസൂൽ ﷺ കഴിച്ചിരുന്നത്. മറ്റൊരു റിപ്പോർട്ടിൽ കാണാം: 'റസൂൽ ﷺ ഫിത്വ്ർ പെരുന്നാളിന് മൂന്നോ, അഞ്ചോ, ഏഴോ ഈത്തപ്പഴങ്ങൾ തിന്നാതെ പുറപ്പെടാറുണ്ടായിരുന്നില്ല'. (സ്വഹീഹു ഇബ്നി ഹിബാൻ –ഹദീസ് സ്വഹീഹ് ആണ്) നബി ﷺ ഈ കാര്യത്തിൽ പതിവ് കാണിച്ചിരുന്നു എന്ന് നമുക്ക് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാം. പെരുന്നാൾ ദിവസം സ്വുബ്ഹിക്ക് ശേഷം തന്നെ തിന്നാം, എന്നാൽ ഏറ്റവും ഉത്തമം നമസ്കാരത്തിന് പുറപ്പെടുന്നതിന്റെ തൊട്ട് മുമ്പാണ്.

ബലി പെരുന്നാൾ: ബലി പെരുന്നാളിന് നമസ്കാരത്തിന് പുറപ്പെടുന്നതിന് മുമ്പ് റസൂൽ ﷺ ഒന്നും ഭക്ഷിക്കുമായിരുന്നില്ല.

## മുസ്വല്ലയിലേക്ക് നേരത്തെ പോകൽ

നന്മയിലേക്ക് ധൃതി കൂട്ടൽ എല്ലാ സന്ദർഭങ്ങളിലും ഒരു മുസ്ലിം ചെയ്യേണ്ടതാണ്. ഇമാം ബുഖാരി ﵀ തന്റെ സ്വഹീഹിൽ ഒരു അധ്യായത്തിന് പേർ നൽകിയത്: 'ഈദിലേക്ക് (ഈദ് നമസ്കാരത്തിലേക്ക്) നേരത്തെ പോകൽ എന്നാണ്'. ഇബ്നു ഹജർ ﵀ പറയുന്നു: 'പെരുന്നാൾ ദിവസം നമസ്കാരത്തിനും, അതിന് പുറപ്പെടലുമല്ലാതെ മറ്റു കാര്യങ്ങളിൽ വ്യാപൃതനാവുക എന്നത് അനുഗുണമല്ല'. (ഫത്ഹുൽബാരി: 2/457)

## സ്ത്രീകളും കുട്ടികളും അടക്കം മുഴുവൻ ആളുകളും മുസ്വല്ലയിലേക്ക് പുറപ്പെടൽ

പെരുന്നാൾ ദിവസം മുസ്വല്ലയിലേക്ക് പുറപ്പെടാൻ റസൂൽ ﷺ കന്യകകളായ സ്ത്രീകളേയും, പ്രായപൂർത്തിയെത്തിയ സ്ത്രീകളേയും, ആർത്തവമുള്ള സ്ത്രീകളെ വരെ കൽപിച്ചിരുന്നു. അവർ ഇസ്ലാമിക വേഷം ധരിച്ച് (അഥവാ പർദ്ധ ധരിച്ച്) സുഗന്ധം പൂശാതെയും, സൗന്ദര്യം പ്രകടിപ്പിക്കാതേയും, പുരുഷന്മാരെ ആകർഷിക്കുന്ന വിധത്തിലല്ലാ തേയും നമസ്കാരത്തിലും, തക്ബീറുകളിലും പങ്കെടുക്കണം. ആർത്തവ രക്തം, പ്രസവ രക്തം എന്നിവ ഉള്ളവർ നമസ്കാരത്തിൽ നിന്ന് മാറി നിൽക്കുകയും മറ്റു കാര്യങ്ങളിൽ പങ്കെടുക്കുകയും വേണം. അത് പോലെ തന്നെ കുട്ടികളേയും മുസ്വല്ലയിലേക്ക് കൊണ്ട് വരണം.

## മുസ്വല്ലയിലേക്ക് പോകുന്ന വിധം

മുസ്വല്ലയിലേക്ക് നടന്നോ വാഹനത്തിലോ പോകാം. ഇമാം അഹ്മദ് ﵀ പറയുന്നു: 'ഞങ്ങൾ (മുസ്വല്ലയിലേക്ക്) നടക്കും, ഞങ്ങളുടെ സ്ഥലം അടുത്താണ്. ഇനി ഒരാൾക്ക് അത് (മുസ്വല്ല) ദൂരത്തായാൽ അവന് വാഹനത്തിൽ പോകൽ കൊണ്ട് പ്രശ്നമില്ല'– (അൽമുഗ്നി: 2/230). ഇമാം മാലിക് ﵀ യും ഇത് തന്നെ പറഞ്ഞിട്ടുണ്ട്. (അൽ ഔസത്വ്: 4/263). ഇബ്നുൽ മുൻദിർ ﵀ പറയുന്നു: 'ഈദിലേക്ക് (മുസ്വല്ലയിലേക്ക്) നടക്കുന്നതാണ് ഏറ്റവും നല്ലതും, വിനയത്തോട് ഏറ്റവും അടുത്തതും, എന്നാൽ വാഹനത്തിൽ പോകുന്നവന് (അത് കൊണ്ട്) കുഴപ്പമില്ല'– (അൽഔസത്വ്: 4/263)

## ഈദ് ആശംസ നേരൽ

ഈദ് സന്ദേശം നൽകൽ നല്ലതാണ്. റസൂൽ ﷺ യുടെ സ്വഹാബത്ത് പെരുന്നാൾ ദിവസം കണ്ട് മുട്ടിയാൽ അവരിൽ ചിലർ ചിലരോട് تَقَبَّلَ اللهُ مِنَّا وَمِنْكَ എന്ന് പറയാറുണ്ടായിരുന്നു എന്ന് റിപ്പോർട്ട് ഉണ്ട്. ഇബ്നു ഹജർ ﵀ ഫത്ഹുൽ ബാരിയിൽ അതിൽ ജുബൈറിൽ നിന്നുള്ള റിപ്പോർട്ടിന്റെ സനദ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് കാണുക:

عن جبير بن نفير قال : كان أصحاب النبي صلى الله عليه و سلم إذا التقوا يوم العيد يقول بعضهم لبعض : تقبل الله منا ومنك " – قال الحافظ : إسناده حسن

ശൈഖ് ഇബ്നു ഉഥൈമീൻ ﷺ പറയുന്നു: 'الروض എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്: ഒരാൾ മറ്റുള്ളവരോട് تقبّل الله منّا ومنك എന്നോ, عيد مبارك എന്നോ, تقبّل الله صيامك وقيامك എന്നോ, അത് പോലെയുള്ളതോ പറയുന്നത് കൊണ്ട് കുഴപ്പമില്ല. കാരണം ഇത് ചില സ്വഹാബികളുടെ പ്രവർത്തനത്തിൽ നിന്ന് വന്നതാണ്. അതിൽ കുഴപ്പമുള്ള ഒന്നുമില്ല' – (الشرح الممتع على زاد المستقنع ١٧١/٥)

## രണ്ട് വഴികൾ സ്വീകരിക്കൽ.

പെരുന്നാൾ നമസ്കാരത്തിന് പോകാൻ ഒരു വഴിയും തിരിച്ച് വരാൻ മറ്റൊരു വഴിയും സ്വീകരിക്കുന്നത് സുന്നത്താണ്. നബി ﷺ പെരുന്നാൾ ആയാൽ വഴി വ്യത്യസ്ഥമായി സ്വീകരിക്കുമായിരുന്നു എന്ന് റിപ്പോർട്ട് ഉണ്ട്. ഹദീസ് കാണുക:

عَنْ جَابِرٍ قَالَ كَانَ النَّبِيُّ صلى الله عليه وسلم إِذَا كَانَ يَوْمُ عِيدٍ خَالَفَ الطَّرِيقَ- رواه البخاري

ജാബിർ ﷺ പറഞ്ഞു: നബി ﷺ പെരുന്നാൾ ദിവസമായാൽ വഴി വ്യത്യസ്തമാക്കുമായിരുന്നു. (അഥവാ വഴി വ്യത്യസ്ഥമായി നടക്കുമായിരുന്നു).

## സന്തോഷിക്കൽ

ഇസ്‌ലാം അനുവദിച്ച വിധങ്ങളിലൊക്കെ പെരുന്നാൾ ദിവസത്തിൽ സന്തോഷിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. ഹാഫിള് ഇബ്നു ഹജർ ﷺ പറയുന്നു: 'ആഘോഷങ്ങളിൽ സന്തോഷം പ്രകടിപ്പിക്കുന്നത് മതത്തിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്' (ഫത്ഹുൽബാരി: 2/443). നിഷിദ്ധമായ മാർഗങ്ങൾ സന്തോഷത്തിന് ഉപയോഗിച്ച് കൂടാ. പെരുന്നാൾ ദിവസത്തിൽ ഒന്നിച്ചിരുന്ന് ഭക്ഷണങ്ങൾ കഴിക്കുന്നത് സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. അത് സുന്നത്തുമാണ്. ശൈഖുൽ ഇസ്‌ലാം ﷺ പറയുന്നു: 'രണ്ട് ആഘോഷങ്ങളിലും, അയ്യാമുത്തശ്‌രീഖിന്റെ ദിനങ്ങളിലും ജനങ്ങൾ ഭക്ഷണത്തിന് വേണ്ടി (ഭക്ഷണം കഴിക്കാൻ) ഒരുമിച്ച് കൂടൽ സുന്നത്താണ്. അത് റസൂൽ ﷺ സുന്നത്താക്കിയ ഇസ്‌ലാമിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്' – (മജ്മൂഉൽ ഫതാവാ 25/298).

# പെരുന്നാളിലെ വിലക്കുകളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും

## പെരുന്നാളിന്റെ രാത്രിയിലെ അവസ്ഥകൾ

പെരുന്നാൾ ആയാൽ പിന്നെ മനുഷ്യർ ആരാധനാകർമങ്ങൾ നിലച്ചു എന്ന വിധം പ്രവർത്തിക്കാറുണ്ട്. നമസ്കാരത്തിന്റേയും മറ്റു സൽകർമങ്ങളുടേയും പ്രാധാന്യം മറന്ന് ഭൗതിക കാര്യങ്ങളിൽ ഏർപ്പെടാറുമുണ്ട്. ഇത് വളരെ ഗുരുതരമായ വീഴ്ച്ചയാണ്. ഫിത്വ്ർ പെരുന്നാളാണെങ്കിൽ റമദാനിലെ നോമ്പിന്റേയും, ആരാധനാ കർമങ്ങളുടേയുമെല്ലാം പവിത്രത നഷ്ടപ്പെടുത്തുന്ന വിധത്തിലും, ബലി പെരുന്നാൾ ആണെങ്കിൽ ഉത്തമമായ ദിവസങ്ങളുടെ ശ്രേഷ്ഠത നഷ്ടപ്പെടുത്തുന്നവിധത്തിലും അത് ആയിത്തീരും. പെരുന്നാൾ രാത്രി മുഴുവൻ അനാവശ്യ കാര്യങ്ങൾക്ക് വേണ്ടി ഉറക്കമൊഴിച്ച് ഫജ്ർ നമസ്കാരം വരെ പാഴാക്കുന്നവരും ഉണ്ടാവാറുണ്ട്. നേടിയെടുത്ത നന്മകളെ ഉടനെ തന്നെ നഷ്ടപ്പെടുത്തുന്ന രൂപത്തിൽ ആഘോഷ വേളകളെ മാറ്റാൻ പാടില്ല.

## ജമാഅത്ത് നമസ്കാരങ്ങൾ പാഴാക്കൽ

പെരുന്നാൾ ദിവസം പള്ളികളിൽ പോയാൽ അവിടെ നമസ്കരിക്കുന്നവരുടെ എണ്ണം കുറവായിരിക്കും. ആളുകൾ ആഘോഷത്തിൽ നമസ്കാരം പോലും മറക്കുന്ന അവസ്ഥയിലാണ്. ഇത്തരം ദുരന്തങ്ങൾ നമുക്കില്ലാതിരിക്കട്ടെ.

## അനിസ്‌ലാമിക വേഷങ്ങൾ

ഏത് വേളയിലും മുസ്‌ലിം ഇസ്‌ലാമികമായ വേഷങ്ങളാണ് ധരിക്കേണ്ടത്. എന്നാൽ വളരെ മോശമായ വസ്ത്രങ്ങൾ ധരിക്കുന്നവരും, മക്കളേയും കുടുംബത്തേയും അങ്ങനെയുള്ളവ ധരിപ്പിക്കുന്നവരും ഉണ്ട്. ആഘോഷമല്ലെ എന്ന് പറഞ്ഞ് നിസാരമാക്കേണ്ട കാര്യമല്ല

ഇത്. പുരുഷന്മാർ ശരീരത്തിലേക്ക് ഒട്ടിപ്പിടിക്കുന്ന രൂപത്തിലുള്ള ഇടുങ്ങിയ വസ്ത്രങ്ങളോ, നെരിയാണിക്ക് താഴെ ഇറങ്ങുന്ന വിധത്തിലുള്ളവയോ, സ്ത്രീകൾ നഗ്നത വെളിവാകുന്ന തരത്തിലോ, ഇടുങ്ങിയതോ ആയ വസ്ത്രങ്ങളോ, പുറത്തിറങ്ങുമ്പോൾ അലങ്കാരമുള്ള വസ്ത്രങ്ങളോ, ഇസ്ലാമിക വിരുദ്ധ വസ്ത്രങ്ങളോ ധരിക്കാൻ പാടില്ല. മക്കൾക്കും കുടുംബത്തിനും വസ്ത്രങ്ങൾ വാങ്ങുമ്പോൾ രക്ഷിതാക്കൾ നന്നായി ശ്രദ്ധിക്കണം. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ പർദ്ധ തന്നെ ധരിച്ച് ശീലിക്കണം

## മുസ്വല്ലയിലേക്ക് എല്ലാവരും പുറപ്പെടാതിരിക്കൽ

മുസ്ലിം സമൂഹത്തിലെ ശാരീരികമായി കഴിവുള്ള എല്ലാവരോടും മുസ്വല്ലയിലേക്ക് പുറപ്പെടാനാണ് റസൂൽ ﷺ കൽപിക്കുന്നത്. അത് പാലിക്കാതെ വീട്ടിലുള്ള അംഗങ്ങളെ അതിലേക്ക് കൊണ്ട് വരാത്തതോ, അല്ലങ്കിൽ അവരെ അതിനെ തൊട്ട് തടയുന്നവരോ ഉണ്ട്. റസൂൽ ﷺ യുടെ കൽപന നിറവേറ്റാൻ പരിശ്രമിക്കുകയാണ് നാം വേണ്ടത്. അതിനോട് എതിര് കാണിക്കാനല്ല.

## ധൂർത്ത്

പെരുന്നാളിന്റെ ആഘോഷത്തിന് വസ്ത്രം കൊണ്ടും, ഭക്ഷണങ്ങൾ കൊണ്ടുമെല്ലാം ധൂർത്ത് കാണിക്കുന്നവരുണ്ട്. ധാരാളം ഭക്ഷണമുണ്ടാക്കി അവയിൽ അധികവും പാഴാക്കുകയും ചെയ്യുന്ന അവസ്ഥയുമുണ്ടാവാറുണ്ട്. ഇവയൊക്കെ നിസ്സാരമാക്കപ്പെടുന്ന നിഷിദ്ധങ്ങളാണെന്ന് മനസ്സിലാക്കണം.

## വൃത്തികേടിലും, അനിസ്ലാമിക കാര്യങ്ങളിലും പെരുന്നാൾ ദിനം ചിലവഴിക്കൽ

മോശമായ കാര്യങ്ങളിലും, സിനിമ പോലെയുള്ള നീചവൃത്തികളിലും പെരുന്നാൾ ദിനത്തെ ചിലവഴിക്കരുത്. ഹറാമായ കാര്യങ്ങൾ അനുവദിക്കപ്പെടുന്ന സന്ദർഭമല്ല ആഘോഷങ്ങൾ എന്ന് നാം മനസ്സിലാക്കണം. അല്ലാഹുവിനെ വാഴ്ത്താനും അല്ലാഹുവിനെ പുകഴ്ത്താനും, അവൻ തന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനുമായിരിക്കണം നാം ആഘോഷങ്ങളെ ഉപയോഗിക്കേണ്ടത്.

## മക്കളുടെ കാര്യത്തിൽ ശ്രദ്ധയില്ലാതിരിക്കൽ

ആഘോഷത്തിന്റെ പേരിൽ മക്കൾക്ക് ധാരാളം പണം നൽകുകയും, എവിടേയും തനിച്ച് പോകാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യരുത്. ആഘോഷ വേളകൾ ദുർമാർഗത്തിലേക്ക് അടുക്കാനുള്ള അവസരമായി അവർക്ക് മാറ്റിക്കൊടുക്കരുത്. സംഗീതവും ആട്ടും പാട്ടുമൊക്കെയുള്ള വേദികളുമായി സഹകരിക്കാനും അത്തരം സദസ്സുകളിൽ പങ്കെടുക്കാനുമൊന്നും മക്കൾക്ക് അനുവാദം നൽകിക്കൂടാ. പെൺമക്കൾക്ക് പോലും അമിതമായ ഇത്തരം സ്വാതന്ത്ര്യങ്ങൾ നൽകുന്ന രക്ഷിതാക്കളുണ്ടെന്നതാണ് ഖേദകരം.

## അതിരു വിട്ട വിനോദങ്ങൾ

പെരുന്നാളിന്റെ ദിവസത്തിൽ തെറ്റുകൾക്ക് ഇളവുണ്ടെന്ന് വിചാരിക്കുന്നവരുണ്ട്. മരണം വരെ നന്മകൾ ചെയ്യേണ്ടവനാണ് മുസ്ലിം. അത് കൊണ്ട് തന്നെ മോശമായ വിനോദങ്ങൾ ഏത് ചെറുതായാലും അവൻ ഒഴിവാക്കണം. ഗാനമേളകൾ, മദ്യവും, ചൂതാട്ടവുമൊക്കെയുള്ള സദസ്സുകൾ എന്നിവയൊക്കെ അതിരുവിട്ട വിനോദങ്ങളിൽ പെട്ടവയും മത വിരുദ്ധ കാര്യങ്ങളുമാണ്. അവ എപ്പോഴും ഓർമയിലുണ്ടായിരിക്കണം.

## സ്വാർത്ഥതയും സാധുക്കളെ അവഗണിക്കലും.

സ്വന്തം കാര്യത്തിന് വേണ്ടി ധാരാളം ധൂർത്ത് കാണിക്കുമ്പോൾ മനുഷ്യൻ ചിന്തിക്കണം, ഒരു നേരത്തെ ഭക്ഷണത്തിന് പോലും വകയില്ലാത്ത എത്രയോ മുസ്ലീംകൾ നമുക്ക് ചുറ്റുമുണ്ടെന്ന്. അവരെയൊക്കെ പരിഗണിക്കാനും, അവരെ സഹായിക്കാനും, അവരുടെ വേദനകളെ തിരിച്ചറിയാനുമൊക്കെയുള്ള അവസരമായി നാം ആഘോഷങ്ങളെ കാണണം.

## സ്ത്രീകളുടെ അഴിഞ്ഞാട്ടം

ആഘോഷ വേളകളിൽ കാണുന്ന മറ്റൊരു ഗുരുതര വീഴ്ചയാണ് സ്ത്രീകളുടെ അമിതമായ പുറപ്പെടൽ. അങ്ങാടികളിലും, പാർക്കുകളിലും മാന്യമായ വസ്ത്രം പോലും

ധരിക്കാതെ കറങ്ങി നടക്കുന്ന സ്ത്രീകളും കുറവല്ല. പെരുന്നാളിന് ഇതൊന്നും കുഴപ്പമില്ലെന്നാണ് അവരുടെ വിചാരം. അവരും അല്ലാഹുവിനെ സൂക്ഷിക്കട്ടെ.

### യുവാക്കളും വിനോദ യാത്രകളും

ആഘോഷ വേളകളിൽ കുടുംബ ബന്ധങ്ങൾ വരെ ചേർക്കാതെ വിദൂര സ്ഥലങ്ങളിലേക്ക് വിനോദ യാത്ര പോകുന്ന ചെറുപ്പക്കാരുണ്ട്. പലപ്പോഴും മോശമായ കൂട്ടുകെട്ടുകളും, സാഹചര്യങ്ങളുമൊക്കെ അവരെ അനിസ്ലാമിക കാര്യങ്ങളിൽപെടുത്താറുണ്ട്. മത വിരുദ്ധമായ കാര്യങ്ങൾ സംഭവിക്കുന്ന ഏത് കാര്യത്തെ തൊട്ടും യുവാക്കൾ ജാഗ്രത കൊള്ളണം. അവരുടെ കൂട്ടുകെട്ട് ആരുമായാണെന്നും അവരുടെ ജീവിത സാഹചര്യങ്ങൾ മതത്തിന്റെ വേലിക്കെട്ടുകൾക്ക് പുറത്താണോ എന്നുമൊക്കെ രക്ഷിതാക്കളും സമൂഹത്തിലെ ഉത്തരവാദപ്പെട്ടവരും നോക്കണം.

### കുടുംബ ബന്ധം ചേർക്കാതിരിക്കൽ

കുടുംബ ബന്ധം ചേർക്കുന്നതിന് വളരെ വലിയ പ്രാധാന്യമാണ് ഇസ്ലാം നൽകുന്നത്. പെരുന്നാൾ ദിനങ്ങളിൽ ഇത് കൂടുതൽ ഉത്തമവുമാകുന്നു. ഇതൊക്കെ ശ്രദ്ധിക്കാതെ കറങ്ങുന്നവർ ഇത്തരം നന്മകളിലേക്ക് ധൃതി കൂട്ടണം. ബന്ധങ്ങൾ ചേർക്കാനും കുടുംബക്കാർക്ക് വേണ്ടി പ്രാർത്ഥിക്കാനുമൊക്കെയുള്ള അവസരമായി പെരുന്നാളിനെ മാറ്റണം.

### കച്ചവട സാധനങ്ങളുടെ വില കൂട്ടൽ

നന്മയുടെ അവസരങ്ങളായ ആഘോഷ വേളകളോടനുബന്ധിച്ച് കച്ചവടക്കാർ കച്ചവട സാധനങ്ങളുടെ വില കൂട്ടുകയും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹം തങ്ങളുടെ കച്ചവടങ്ങളിൽ കിട്ടണം എന്ന് ആഗ്രഹിക്കുന്ന മുസ്ലിം ഇത്തരം കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കണം.

### നന്മ കൽപിക്കലും തിന്മ വിരോധിക്കലും ഒഴിവാക്കൽ

മുസ്ലീംകൾ എപ്പോഴും നന്മ കൽപിക്കേണ്ടവരും തിന്മ വിരോധിക്കേണ്ടവരുമാണ്. ആഘോഷ വേളകളിലും നന്മ കൽപിക്കാനും തിൻമകൾ കാണുമ്പോൾ അവ തിരുത്താനും, ആളുകൾക്ക് ഉപദേശങ്ങൾ നൽകാനും ഓരോരുത്തരും ശ്രമിക്കണം. തിൻമകൾ കാണുമ്പോൾ അത് തടയാതെ മൗനം പാലിക്കലല്ല നന്മ എന്ന് മനസ്സിലാക്കുകയും വേണം.

**കാര്യങ്ങൾ പഠിക്കാനും പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്താനും അല്ലാഹു നമ്മെ എല്ലാം അനുഗ്രഹിക്കുമാറാവട്ടെ... ആമീൻ**

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً، وَفِي الْآخِرَةِ حَسَنَةً، وَقِنَا عَذَابَ النَّارِ

و صلى الله على نبينا محمد وعلى آله وصحبه أجمعين


തയ്യാറാക്കിയത്
**നൗഫൽ സ്വലാഹി**
(ഇസ്ലാമിക് യൂണിവേഴ്സിറ്റി – മദീന)
പരിശോധന
**ഡോ. മുഹമ്മദ് അഷ്റഫ് മലൈബാരി– മദീന**
**യാസർ ബിൻ ഹംസ**
(ത്വൈബ യൂണിവേഴ്സിറ്റി – മദീന)



പ്രസാധനം
**ദഅ്വ വിഭാഗം**
**മദീന ഇസ്‌ലാഹീ സെന്റർ**
മസ്ജിദ് അബീദറിന് സമീപം
ഫോൺ: 0096648366334